പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1703 | | 31.01.2018-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| ശുചിത്വമിഷന്റെ പ്രവർത്തനങ്ങൾ | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.കെ.ദാസൻ<br>ശ്രീ.സി.കെ.ഹരീന്ദ്രൻ<br>ശ്രീ.കെ.സുരേഷ് കുറുപ്പ് | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | മാലിന്യ നിർമ്മാർജ്ജന-സംസ്കരണ രംഗത്ത് ശുചിത്വമിഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | മാലിന്യ നിർമ്മാർജ്ജന – സംസ്കരണ രംഗത്ത് ശുചിത്വ മിഷൻ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുണ്ട്. എന്നാൽ ശുചിത്വമിഷന്റെ കാര്യക്ഷമത കൂടുതൽ വർദ്ധിപ്പിക്കുന്നതിന് സംസ്ഥാനതലത്തിലെയും ജില്ലാ തലത്തിലേയും ഉദ്യോഗസ്ഥർക്ക് കില മുഖേന പരിശീലനങ്ങൾ നൽകി വരുന്നുണ്ട്. പദ്ധതി ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് നിശ്ചിത ഇടവേളകളിൽ അവലോകന യോഗങ്ങൾ നടത്തി പുരോഗതി വിലയിരുത്തുവാൻ ഉദ്ദേശിക്കുന്നു. |
| (ബി) | ശുചിത്വ മിഷൻ ഏറ്റെടുത്ത് നടപ്പാക്കി വരുന്ന സ്വാപ് ഷോപ്പുകളുടെ പ്രവർത്തനം നിലവിൽ എപ്രകാരമാണെന്നും വിവിധ വസ്തുക്കളുടെ പുനരുപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് ഇത് എത്രമാത്രം പ്രയോജനപ്രദമാകുന്നുവെന്നും വ്യക്തമാക്കാമോ; | (ബി) | വസ്തുക്കളുടെ പുനരുപയോഗം പ്രോത്സാഹിപ്പിച്ച്,പ്രകൃതി വിഭവ ചൂഷണം പരമാവധി കുറയ്ക്കുകയെന്നതാണ് സ്വാപ്പ്ഷോപ്പിന്റെ ലക്ഷ്യം സമൂഹത്തിലെ ഒരു വിഭാഗം ആളുകളുടെ കയ്യിൽ ഉപയോഗ രഹിതമായി ഇരിക്കുന്നതും എന്നാൽ മറ്റൊരു വിഭാഗത്തിന് ഉപയോഗപ്രദമായേക്കാവുന്നതുമായ വസ്തുക്കളുടെ പങ്കുവയ്ക്കലാണ് സ്വാപ്പ് ഷോപ്പ് പ്രവർത്തനം. ഇതിലൂടെ പുതുവസ്തുക്കളുടെ ഉപഭോഗം നിയന്ത്രിക്കാനും മാലിന്യത്തിന്റെ വലിയൊരളവ് കുറയ്ക്കുവാനും കഴിയുന്നതാണ്. കഴിഞ്ഞ ഒരു വർഷക്കാലയളവിൽ സംസ്ഥാനത്ത് നൂറോളം സ്വാപ്പ്ഷോപ്പുകൾ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പൊതു സ്ഥാപനങ്ങളിലും സംഘടിപ്പിക്കുകയുണ്ടായി. സ്വാപ്പ് ഷോപ്പുകളിൽ എത്തുന്ന വസ്തുക്കൾക്ക് ആവശ്യക്കാർ ഏറെയുള്ളതായി വിലയിരുത്തിയിട്ടുണ്ട്.<br>നിലവിൽ താത്കാലിക സ്വാപ്പ് ഷോപ്പുകളാണ് തദ്ദേശ സ്ഥാപനങ്ങൾ സംഘടിപ്പിച്ച് വരുന്നത്. തദ്ദേശ സ്ഥാപനങ്ങൾ അവരവരുടെ പ്രദേശത്ത് അനുയോജ്യമായ ഒരു സ്ഥലം നിശ്ചയിച്ച് അവിടേക്ക് കൈമാറ്റം ചെയ്യപ്പെടുന്നതിനുള്ള വസ്തുക്കൾ എത്തിക്കുന്നതിന് പ്രചാരണം |

| | | | |
|---|---|---|---|
| | | | നൽകുകയും പൊതു ജനങ്ങൾ എത്തിക്കുന്ന പുനരുപയോഗ്യമായ അത്തരം വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുകയും അവയിൽ ആവശ്യമുള്ളവ പൊതുജനങ്ങൾക്ക് തിരഞ്ഞെടുക്കുന്നതിനായി നൽകുകയും ചെയ്യുന്നു.<br>സ്ഥിരം സ്വാപ്പ് ഷോപ്പുകളുടെ പ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതിനായി 2017-18 വർഷം മുതൽ ശുചിത്വ മാലിന്യ സംസ്കരണ പദ്ധതികൾക്കായി നീക്കി വയ്ക്കേണ്ട തുകയിൽ നിന്ന് സ്വാപ്പ് ഷോപ്പുകൾക്കായി പണം നീക്കിവയ്ക്കാമെന്നും തദ്ദേശ സ്ഥാപനങ്ങൾക്ക് ഉപദേശം നൽകിയിട്ടുണ്ട്. |
| (സി) | സർക്കാർ സംഘടിപ്പിക്കുന്ന എല്ലാ ചടങ്ങുകളിലും മറ്റ് പൊതുപരിപാടികളിലും ഉത്സവ ആഘോഷ വേളകളിലും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | ഗവ: സെക്രട്ടറിയേറ്റ്, പബ്ലിക് ഓഫീസ്, വികാസ് ഭവൻ, സ്വരാജ് ഭവൻ, എല്ലാ വകുപ്പുകളുടെയും ഡയറക്ടറേറ്റ്/കമ്മിഷണറേറ്റ്, ജില്ലാ കളക്ടറേറ്റുകൾ എന്നിവിടങ്ങളിൽ അതാത് സർക്കാർ ഓഫീസുകളുടെ ദൈനംദിന പ്രവർത്തനത്തിന്റെ ഭാഗമായും അല്ലാതെയും നടത്തപ്പെടുന്ന എല്ലാ ചടങ്ങുകളിലും പൊതു പരിപാടികളിലും ഡിസ്പോസിബിൾ വസ്തുക്കൾ ഒഴിവാക്കി പുന:രുപയോഗിക്കുവാൻ കഴിയുന്നതും പുന: ചംക്രമണത്തിന് വിധേയമാക്കുവാൻ കഴിയുന്നതുമായ വസ്തുക്കൾ മാത്രം ഉപയോഗിച്ച് നടപ്പിലാക്കുന്ന തരത്തിൽ ഗ്രീൻ പ്രോട്ടോകോൾ ബാധകമാക്കി സ.ഉ(സാധാ) നം.3214/2017/തസ്വഭവ തീയതി.05.10.2017 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ മേൽനോട്ടത്തിനായി ഓരോ ഓഫീസിലും ഓഫീസ് തല കമ്മറ്റികൾ രൂപീകരിച്ച് പ്രസ്തുത പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനും ഓരോ ഓഫീസിൽ നിന്നും ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി ഒരു നോഡൽ ഓഫീസറെ ചുമതലപ്പെടുത്തണമെന്നും നിർദ്ദേശം നൽകിയിട്ടുള്ളതാണ്.<br>ഉത്സവങ്ങൾ, ആഘോഷങ്ങൾ, പൊതു പരിപാടികൾ എന്നിവ ജില്ലാ ഭരണ കൂടത്തിന്റെ നേതൃത്വത്തിൽ ജില്ലാ ശുചിത്വ മിഷൻ ഓഫീസുകൾ മുഖാന്തിരം ഏകോപിപ്പിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ